റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദമായ എസ്റ്റിമേറ്റ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ തയ്യാറാക്കുകയും തദ്ദേശ ഭരണ സ്ഥാപനത്തിന്റെ അംഗീകാരത്തോടെ നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിക്കുകയും ചെയ്യുന്നു.

(സി) മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കുന്ന പദ്ധതിക്ക് ഭരണാനുമതി നൽകുകയും അതിനായി 115 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിന് ഫിർമ, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ എന്നീ ഏജൻസികൾ നടപടി സ്വീകരിച്ചുവരുന്നു.

മത്സ്യമാർക്കറ്റുകളുടെ നവീകരണം

151 (2020) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിന് കേന്ദ്രസർക്കാരിന്റെ സഹായത്തോടെ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ സംസ്ഥാനത്ത് ഏതെല്ലാം മത്സ്യ മാർക്കറ്റുകളെ ഇതിനായി തെരഞ്ഞെടുത്തു എന്നും, ഇതിന് എന്ത് തുക ലഭിച്ചു എന്നും വിശദമാക്കാമോ ;

(സി) പുതിയ മാർക്കറ്റുകളെ ഇതിനായി ഇനിയും തെരഞ്ഞെടുക്കുന്നുണ്ടോ ; പിന്നീട് സമർപ്പിച്ച പ്രൊപ്പോസലുകൾക്ക് അംഗീകാരം ലഭിച്ചോ എന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ദേശീയ മത്സ്യ വികസന ബോർഡിന്റെ 90% ധനസഹായത്തോടെ സംസ്ഥാനത്തുടനീളം ആധുനിക മത്സ്യമാർക്കറ്റുകൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻവഴി സ്ഥാപിക്കുന്നു. ഇതിന്റെ ഭാഗമായി 40 മാർക്കറ്റുകളുടെ നിർമ്മാണത്തിനായി ഭരണാനുമതി ലഭിച്ചുകഴിഞ്ഞു. ആകെ 7590.53 ലക്ഷം രൂപ അടങ്കൽ തുകയിൽ 6366.105 ലക്ഷം രൂപ ദേശീയ മത്സ്യ വികസന ബോർഡിന്റെ വിഹിതവും 1224.425 ലക്ഷം രൂപ സംസ്ഥാന വിഹിതവുമാണ്.

(ബി) തെരഞ്ഞെടുത്ത മത്സ്യമാർക്കറ്റുകളുടെയും ലഭിച്ച തുകയുടെയും വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ അംഗീകാരത്തിനായി 12 മത്സ്യമാർക്കറ്റിന്റെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം മത്സ്യമാർക്കറ്റ് നിർമ്മാണത്തിനായി അനുമതി നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly